## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6102** **28. 10.11 ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽശാല

**ചോദ്യം**
ശ്രീ.എം.എ.വാഹീദ്
ശ്രീ.കെ. ശിവദാസൻനായർ
ശ്രീ.ബെന്നി ബെഹനാൻ

**മറുപടി**
ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽ ശാല നിലവിൽ വരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) യും ബി) യും | കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡും സംസ്ഥാന സർക്കാരും സംയുക്ത സംരംഭമായി സംസ്ഥാനത്ത് രണ്ടാമതൊരു കപ്പൽശാല/റിപ്പയർ യാർഡ് സ്ഥാപിക്കുന്നതിനുവേണ്ടി അഴീക്കൽ, വിഴിഞ്ഞം, പൂവാർ എന്നീ മൂന്ന് സ്ഥലങ്ങളിൽ ടെക്നിക്കൽ പരിശോധന നടത്തുവാൻ 11-10-2011 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊച്ചിൻ ഷിപ്പ്യാർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി | ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | | |
| സി | ഇതിന് എത്രകോടി രൂപയുടെ നിക്ഷേപം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | സി | കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് 1500 കോടി രൂപ മുതൽമുടക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും കപ്പൽശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുത്തതിനുശേഷം സ്ഥലത്തിനനുയോജ്യമായ പദ്ധതി രൂപപ്പെടുത്തുമ്പോൾ മാത്രമേ എത്ര കോടി രൂപയാണ് കപ്പൽശാല നിർമ്മാണത്തിനുവേണ്ടി വരുന്നത് എന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| ഡി | ഇതിന്റെ സാദ്ധ്യതാപഠനത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ? | ഡി | കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ